# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3358** — **21-12-2012 ൽ മറുപടിയ്ക്ക്**

## റൈസ് ബയോപാർക്ക് പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെല്ലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള റൈസ് ബയോപാർക്ക് പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും സ്ഥലം തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പ്രാരംഭ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിക്കായി മാറ്റിവച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (സി) | ടോക്കൺ വിഹിതമായി 1000/- രൂപ ( 4401-00-190-91-പ്ലാൻ) വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പാർക്കിനായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | 25 ഏക്കറിൽ കുറയാതെ സ്ഥലം ആവശ്യമാണ്. |

(ഇ) പ്രസ്തുത പദ്ധതി നിലവിൽ വന്നാൽ നെൽകർഷകർക്ക് എപ്രകാരം പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ;

(ഇ) നെൽകർഷകർക്ക് വരുമാന വർദ്ധനവിനും വിപണി വികസനത്തിനും പര്യാപ്തമാകമാറ് ഉൽപന്ന മൂല്യവർദ്ധനവിന് വഴിയൊരുക്കുന്നതിനു പുറമേ ഗതാഗതം, വിദ്യുത്ച്ഛക്തി, വാർത്താവിനിമയം, ജലലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ, ഗോഡൗൺ സൗകര്യങ്ങൾ എന്നിവ പാർക്കിൽ ലഭ്യമാകും.

(എഫ്) നെല്ല്, വൈക്കോൽ, അരി എന്നിവയിൽ നിന്നും ഏതൊക്കെ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാം എന്നാണ് കരുതുന്നത്; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസിയെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(എഫ്) നെല്ലിന്റെ പ്രധാന ഉൽപ്പന്നമായ അരിയും അരിയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ വിവിധയിനം പലഹാരപ്പൊടികൾ, അവൽ, മലര്, ആരോഗ്യ പാനീയം, തവിട്, തവിടിന്റെ ഉൽപന്നങ്ങളായ തവിടെണ്ണ, കാലിത്തീറ്റ എന്നിവയും ഉമിയും ഉമികൊണ്ടുള്ള ഉൽപന്നങ്ങളും കരകൗശല ഉൽപന്നങ്ങൾ എന്നിവയും ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ, പൊതു/സ്വകാര്യ കമ്പനികൾ, കർഷകസംഘങ്ങൾ എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ജി) ഗുണനിലവാര ലാബും, സംരംഭകർക്ക് നിർദ്ദേശങ്ങളും സഹായവും നൽകാൻ ഉതകുന്നവിധം ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ജി) പദ്ധതിയിൽ ഗുണ നിലവാരവും ഏക ജാലക സംവിധാനവും ഉദ്ദേശിക്കുന്നുണ്ട്. 2012-13 വർഷത്തിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എച്ച്) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് 1980-ൽ എത്ര ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു; ആയത് 2012 ആയപ്പോഴേക്കും എത്രയായി കുറഞ്ഞു; വ്യക്തമാക്കുമോ;

(എച്ച്) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 1980-81 ൽ സംസ്ഥാനത്ത് മൂന്നു വിളകളിലുമായി 801699 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു. നെൽകൃഷി വിസ്തീർണ്ണം 2010-11 കാലയളവിൽ 213187 ഹെക്ടറായി കുറഞ്ഞു. 2011-12 വർഷത്തെ കണക്കുകൾ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ഐ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് 1980 -ൽ എത്ര മെട്രിക് ടൺ നെല്ല് ഉത്പാദിപ്പിച്ചിരുന്നു; ആയത് 2012 ആകുമ്പോഴേക്കും എത്ര മെട്രിക് ടൺ ആയി കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ?

(ഐ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 1980-81 കാലയളവിൽ സംസ്ഥാനത്ത് മൂന്നുവിളകളിലുമായി 1271962 ടൺ അരി ഉല്പാദിപ്പിച്ചിരുന്നു. 2010-11 വർഷമായപ്പോൾ 522738 ടൺ അരിയായി കുറഞ്ഞു.

സെക്ഷൻ ഓഫീസർ